# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 1806 — 16.02.2016 - ൽ മറുപടിയ്ക്ക്

### പറമ്പിക്കുളം - ആളിയാർ കരാർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) പറമ്പിക്കുളം- ആളിയാർ കരാർ പ്രകാരം കേരളത്തിന് നൽകുന്ന ജല വിഹിതം എത്രയെന്ന് വിശദമാക്കുമോ; | (എ) പറമ്പിക്കുളം- ആളിയാർ പദ്ധതി (പി.എ.പി) കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട ജല വിഹിതം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>i. പെരിയാർ നദീതടത്തിലെ നീരാർ വിയറിൽ നിന്നുള്ള ജലം മുഴുവനും ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള കാലയളവിൽ കേരളത്തിലേയ്ക്ക് തിരിച്ചു വിടേണ്ടതാണ്. ഈ ജലത്തിന്റെ അളവ് കരാറിൽ നിജപ്പെടുത്തിയിട്ടില്ല. ഈ ജലം കേരളത്തിന് എല്ലാ വർഷവും ലഭിച്ചു വരുന്നുണ്ട്.<br>ii. ചാലക്കുടി നദീതടത്തിൽ നിന്നും ഓരോ വർഷവും 12.3 ടി.എം.സി ജലം കേരളത്തിനു അവകാശപ്പെട്ടതാണ്. ഇത് കേരള ഷോളയാർ പവർഹൗസിൽ അളന്നു പുറത്തു വിടേണ്ടതാണ്.<br>iii. ലോവർ നീരാർ ഡാമിന്റേയും, പറമ്പിക്കുളം, പെരുവാരിപ്പള്ളം, തൂണക്കടവ് എന്നീ ഡാമുകളുടെയും വൃഷ്ടി പ്രദേശത്തുള്ള ജലം ഒരുമിച്ചുകണക്കാക്കി 16.5 ടിഎം.സി ജലം തമിഴ്നാടിനും, അതിൽ അധികമായി വരുന്ന 2.5 ടി.എം.സി ജലം കേരളത്തിലെ ചിറ്റൂർ |

താലൂക്കിലെ പ്രദേശത്തെ ജലസേചനത്തിനും, ശേഷിക്കുന്ന ജലം ചാലക്കുടിപ്പുഴയിലേയ്ക്കും വിടേണ്ടതാണ്.

iv. കേരളത്തിലെ ചിറ്റൂർ പുഴയ്ക്ക് പ്രതിവർഷം 7.25 ടി.എം.സി ജലം കേരളാതിർത്തിക്കടുത്തുള്ള മണക്കടവു വിയറിൽ ലഭ്യമാക്കേണ്ടതാണ്.

(ബി) കേരള-തമിഴ്നാട് ജലവിനിമയ നിയന്ത്രണ ബോർഡ് യോഗം ചേർന്നത് എന്നാണ് എന്ന് വ്യക്തമാക്കുമോ; പ്രസ്തുത ബോർഡ് വർഷത്തിൽ എത്ര തവണ യോഗം ചേരുമെന്ന് വിശദമാക്കുമോ;

(ബി) തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ വെച്ച്, പി.എ.പി. കരാറിൽ സൂചിപ്പിച്ചിട്ടുള്ള സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (Joint Water Regulation Board) 96- മത് യോഗം 19.01.2016-ൽ ചേരുകയുണ്ടായി. കരാർ വ്യവസ്ഥകൾ അനുസരിച്ച് ജലക്രമീകരണം നടത്തുന്നതിന്റെ മേൽ നോട്ടം വഹിക്കുന്നത് ജോയിന്റ് വാട്ടർ റഗുലേഷൻ ബോർഡാണ്. പി.എ.പി. കരാറിലെ ഷെഡ്യൂൾ അഞ്ചിലെ നാലാം ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ളവ്യവസ്ഥകളനുസരിച്ച് പദ്ധതി പ്രദേശത്തെ സ്ഥിതിഗതികൾക്കനുസരണമായി ആവശ്യമുള്ള സന്ദർഭങ്ങളിലെല്ലാം Joint Water Regulation Board കൂടുകയും ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തുവരുന്നു. ബോർഡിന്റെ യോഗങ്ങളിൽ പി.എ.പി. കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ടുന്ന ജലവിഹിതം നേടിയെടുക്കുന്നതിന്, കേരളത്തിന്റെ പ്രതിനിധികൾ ശക്തമായി വാദിക്കുകയും കേരളത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്ന കാര്യത്തിൽ ജാഗ്രത പുലർത്താറുമുണ്ട്.

(സി) പ്രസ്തുത കരാർ പ്രകാരം നടപ്പ് വർഷം സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ള ജലം എത്രയെന്നും ഭാവിയിൽ എത്ര ലഭിക്കുമെന്നും ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും വിശദമാക്കുമോ?

(സി) പറമ്പിക്കുളം- ആളിയാർ പദ്ധതി (പി.എ.പി) യിൽ നിന്നും നടപ്പ് ജല വർഷത്തിൽ (2015-2016) 08.02.2016 വരെയുള്ള കാലത്തേക്ക് കേരളത്തിന് ലഭിച്ച ജലത്തിന്റെ അളവ് സംബന്ധിച്ച വിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്.

i. മണക്കടവ് വിയർ : 4891 Mcft

ii. കേരള ഷോളയാർ :5562.39 Mcft

iii. നീരാർ : 1131.49 Mcft (2015 ഒക്ടോബർ 1 മുതൽ 2016 ജനുവരി 31 വരെ)

നടപ്പ് ജലവർഷത്തിൽ (2015 - 16) മണക്കടവ് വിയറിൽ ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തിന്റെ കാർഷികാവശ്യങ്ങൾക്ക് വേണ്ട ജലം കേരളത്തിന്റെ ആവശ്യപ്രകാരം ലഭിച്ചുവരുന്നുണ്ട്.

2016 ജനുവരി മാസം 19-ന് നടന്ന 96-മത് സംയുക്ത ജല ക്രമീകരണ സമിതി (JWRB) യോഗത്തിലുണ്ടായ തീരുമാനമനുസരിച്ച് മണക്കടവ് വിയറിൽ ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തിന്റെ കാർഷികാവശ്യങ്ങൾക്കായി 2016 മാർച്ച് അവസാനം വരെ ലഭ്യമാക്കുന്ന ജലത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| Fortnight | Quantity as per Agreement in Mcft | Agreed Quantity in Mcft |
|---|---|---|
| January II/2016 | 470 | 500 |
| February I/2016 | 100 | 450 |
| February II/2016 | 100 | 400 |
| March I/2016 | 240 | 400 |
| March II/2016 | 240 | 250 |

പി.എ.പി. കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ടുന്ന ജലവിഹിതം

നേടിയെടുക്കുന്നതിന് സംസ്ഥാന സർക്കാർ; സാദ്ധ്യമായ എല്ലാ നടപടികളും സമയബന്ധിതമായി സ്വീകരിച്ചു വരുന്നുണ്ട്.

കരാറിലെ വ്യവസ്ഥകൾ പ്രകാരം ഷോളയാർ റിസർ വോയർ നിറയ്ക്കലിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതിന് സംസ്ഥാന സർക്കാരും, ജലസേചനവകുപ്പും, സംസ്ഥാന വൈദ്യുതി ബോർഡും തമിഴ്നാടിനോട് യഥാസമയം അഭ്യർത്ഥിച്ചിട്ടുണ്ട്. കരാറിലെ വ്യവസ്ഥകൾ പാലിക്കുന്നതിന് സാങ്കേതിക കാരണങ്ങളാൽ തടസ്സങ്ങൾ ഉണ്ടായാൽ; ആയത് പരിഹരിക്കുന്നതിനും, എത്രയും പെട്ടെന്ന് പ്രശ്നം പരിഹരിച്ച് കരാർ വ്യവസ്ഥ പ്രകാരം സംസ്ഥാനത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കുന്നതിനും കരാർ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാനും തമിഴ്നാടിനോട് കേരളം യഥാസമയം ആവശ്യപ്പെടാറുണ്ട്. പി.എ.പി. കരാർ പ്രകാരം സംസ്ഥാനത്തിന് അർഹതപ്പെട്ട മുഴുവൻ ജലവും നേടിയെടുക്കുന്ന കാര്യത്തിൽ അതീവ ജാഗ്രത വേണമെന്നുള്ള നിലപാടിൽ ഉറച്ചുനിന്നുകൊണ്ട് അതിനാവശ്യമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

**സെക്ഷൻ ഓഫീസർ**